**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4329 — 17.05.2017 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിൽ പ്രവർത്തന ക്രമീകരണം

| ചോദ്യം<br>ഡോ. എം.കെ. മുനീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ പ്രവർത്തന ക്രമീകരണം വഴി ജീവനക്കാർക്ക് നിയമനം നൽകുന്നുണ്ടോ; | (എ), (ബി)& (സി) | ഉണ്ട്. അനുതാപവ്യവസ്ഥയിൽ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ രോഗബാധിതർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്ക് പ്രവർത്തനക്രമീകരണം വഴി നിയമനം നൽകുന്നുണ്ട്. |
| (ബി) | രോഗബാധിതർ,പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്ക് പ്രവർത്തന ക്രമീകരണം വഴി സ്ഥലം മാറ്റം നൽകുന്നത് പരിഗണിക്കുമോ; | | |
| (സി) | പ്രവർത്തന ക്രമീകരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (ഡി) | പ്രവർത്തന ക്രമീകരണം നൽകുന്നതിന് മാനദണ്ഡം നിലവിലില്ലെങ്കിൽ ഏതൊക്കെ വിഭാഗത്തിനാണ് പ്രവർത്തന ക്രമീകരണം വഴി നിലവിൽ നിയമനം നൽകുന്നത്;വിശദമാക്കുമോ? | (ഡി) | ബുദ്ധിമാന്ദ്യം, ക്യാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ, ക്യാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച ജീവനക്കാർ, ജീവനക്കാരുടെ ഭാര്യ, ഭർത്താവ്, വിധവ, വിഭാര്യൻ, വന്ധ്യതാ ചികിത്സ തുടരുന്നവർ തുടങ്ങിയ അനുതാപം അർഹിക്കുന്നവർക്ക് പ്രവർത്തന ക്രമീകരണം വഴി നിയമനം നൽകുന്നു. |

സെക്ഷൻ ഓഫീസർ